LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടവടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 11, ചൊവ്വ

നിയമസഭ 1986 നവംബർ 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പ്രൊഫഷണൽ കോളേജുകളിലെ റാഗിംഗ്

* 288. [311] ശ്രീ. കെ. ടി. കുണാരൻ :
,, കെ. പി. പ്രഭാകരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87-ൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ എവിടെയെല്ലാം റാഗിംഗ് നടന്നതായി പരാതികളുണ്ടായിട്ടുണ്ട് ;

(ബി) അത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) റാഗിംഗ് അവസാനിപ്പിക്കാൻ പുതുതായി എന്തെങ്കിലും നിർദ്ദേശങ്ങൾ കോളേജ് അധികൃതർക്ക് നൽകിയിട്ടുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) പ്രൊഫഷണൽ കോളേജുകളിലൊന്നും റാഗിംഗ് നടന്നതായി പരാതി കിട്ടിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) റാഗിംഗ് തടയാൻ കർശനമായ നടപടികളും എടുക്കാൻ പ്രൊഫഷണൽ കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റവാളികളായ വിദ്യാർത്ഥികളെ കോളേജുകളിൽനിന്നും ഹോസ്റ്റലുകളിൽ നിന്നും പുറത്താക്കാനും അവരുടെ പേരിൽ ക്രിമിനൽ നടപടികളും സ്വീകരിക്കാൻ പോലീസിനോട് ആവശ്യപ്പെടാനും പ്രിൻസിപ്പൽമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉപേക്ഷ കാണുന്നപക്ഷം പ്രിൻസിപ്പൽമാരുടെ പേരിൽ നടപടികളും എടുക്കുന്നതാണെന്നും അവരെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. ടി. കണാരൻ : റാഗിംഗിന് വിധേയരായിട്ടുള്ള പല കുട്ടികളും അത് വീണ്ടും കൂടുതൽ വിഷമതയ്ക്ക് വിധേയരാകുമെന്നുള്ളതുകൊണ്ട് പുറത്തുപറയാൻ മടിക്കുന്നു എന്നുള്ള വസ്തുത പരിഗണിച്ച് പുതുതായി പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളെ പ്രത്യേകം ശ്രദ്ധിക്കാനും പരിരക്ഷ നൽകാനുമായി വാർഡർമാരെ ചുമതലപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഒന്നാം വർഷ ക്ലാസിൽ പ്രവേശനം കിട്ടുന്ന കുട്ടികളും താമസിക്കുന്ന ഹോസ്റ്റലുകളിൽ പ്രത്യേകമായി പരിശോധന നടത്താൻ അവിടത്തെ സീനിയർ പ്രൊഫസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. ടി. കണാരൻ : റാഗിംഗ് കർശനമായി തടയാൻ ഗവൺമെന്റ് പ്രത്യേകമായി എന്ത് നിർദ്ദേശം പ്രിൻസിപ്പൽമാർക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : റാഗിംഗ് നിയമ വിരുദ്ധമാക്കിക്കൊണ്ട് മറ്റു നിയമം ഗവൺമെന്റ് പരിഗണിച്ചു വരികയാണ്. ഡാഫ്റ്റിംഗ് സ്റ്റേജിലാണ് ഇപ്പോഴ ആ നിയമം ഉള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ : റാഗിംഗിന് വിധേയമാകുന്ന കുട്ടികൾ സാധാരണ പരാതിയൊന്നും എഴുതി കൊടുക്കാറില്ല. എഴുതി കൊടുത്താൽ പിന്നെ അവർക്ക് ആ കോളേജിൽ കഴിഞ്ഞുകൂടാൻ ഒക്കുകയില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇത്തവണ വളരെ ക്രൂരമായിട്ടുള്ള റാഗിംഗ് നടന്ന വിവരം ഇവിടത്തെ പത്രങ്ങളിലൊക്കെ വന്നു. സാധാരണ പത്രങ്ങളിൽ ഇത്തരം സംഭവങ്ങൾ വന്നാൽ മന്ത്രിമാർ അത് ശ്രദ്ധിക്കാൻ ബാദ്ധ്യസ്ഥരാണ് എന്നാണ ഞാൻ മനസിലാക്കിയിട്ടുള്ളത് ; അങ്ങനെ വല്ലതും മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഇവിടെ അങ്ങനെ സൂചിപ്പിച്ചതുപോലെ ഒരു ആക്ഷേപം പത്രത്തിൽ വരികയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒക്ടോബർ 9-ാം തീയതി മുഖ്യമന്ത്രി തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കുകയും അങ്ങനെത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അവിടെ അന്വേഷണം നടത്തുകയും ചെയ്തു. പക്ഷേ ഇതിന് വിധേയരായെന്ന് പറയുന്ന കുട്ടികളാരും തന്നെ എന്തെങ്കിലും പറയാൻ വിസമ്മതം പ്രകടിപ്പിക്കുകയാണ് ചെയ്തത്. പിന്നെ ഒരു ചെറിയ സംവിധാനമെന്ന് പറയുന്നത് അവിടത്തെ സീനിയർ പ്രൊഫസർമാർ അടക്കമുള്ള ആളുകളെ കുട്ടികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ നിത്യവും പോകാനും അവിടത്തെ കാര്യങ്ങൾ അന്വേഷിക്കാനും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : അങ്ങനെ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അതേപ്പറ്റി എന്തെങ്കിലും ഒരു അന്വേഷണം നടത്തിയോ എന്നാണ് അല്ലാതെ ഇവർ വന്നു പരാതി പറഞ്ഞോ ഇല്ലയോ എന്നല്ല. ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അതിനെ സംബന്ധിച്ച് ഉത്തരവാദപ്പെട്ട ആരെയെങ്കിലും വച്ച് ഒരു അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അന്വേഷണം നടത്തിയിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ : കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലുമാണ് പ്രധാനമായും റാഗിംഗ് നടന്നതായിട്ടുള്ള വാർത്ത പത്രങ്ങളിൽ വന്നത്. ഇത്തരം വാർത്തകൾ പത്രത്തിൽ വന്നതിനുശേഷം ഉടനെതന്നെ അത് നിരോധിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ആദ്യമേ സൂചിപ്പിച്ചു പ്രൊഫഷണൽ കോളേജുകളിൽ റാഗിംഗ് നടന്നതായിട്ട് പരാതികളൊന്നും കിട്ടിയിട്ടില്ല. ഇവിടെ ശ്രീ. കെ. പി. പ്രഭാകരൻ സൂചിപ്പിച്ചതുപോലെ പത്രങ്ങളിൽ ചില വാർത്തകൾ വന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടരുത് അല്ലെങ്കിൽ ഉണ്ടാകരുതെന്ന് കർശനമായി പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ : റാഗിംഗിന് വിധേയരാകുന്ന കുട്ടികൾ മാനസികമായി തളരുകയും അവരിൽ പലരുടേയും വിദ്യാഭ്യാസം നിലച്ചുപോകുകയും ചെയ്യുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് റാഗിംഗ് എന്നു പറയുന്ന കാടത്തം അവസാനിപ്പിക്കാൻ വേണ്ടി ഒരു നിയമം ഈ സഭയിൽ അവതരിപ്പിച്ച് നടപ്പിലാക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, നമ്മുടെ സംസ്ഥാനത്ത് 1982-നുശേഷം റാഗിംഗ് നടത്തിയ ചില കുട്ടികളെ കോളേജിൽ നിന്ന് പുറത്താക്കിയിട്ടുണ്ട് അവരെ ഇതുവരെ തിരിച്ചു പ്രവേശിപ്പിക്കുകപോലും ഉണ്ടായിട്ടില്ല അതു പോലെതന്നെ ഇതിനുവേണ്ടി ഒരു നിയമം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ആ നിയമം ഡ്രാഫ്റ്റിംഗ് സ്റ്റേജിലാണ്.

പിന്നോക്ക ജില്ലകളിലെ സഹകരണ പ്രസ്ഥാനം

* 289. [312] ശ്രീ. കെ. പി. രാമൻ :
,, കെ. പി. എ. മജീദ് :
,, പി. എം. അബൂബക്കർ :
,, സി. ടി. അഹമ്മദ് അലി :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ :

(എ) പിന്നോക്ക ജില്ലകളിൽ സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിനും വളർത്തിയെടുക്കുന്നതിനുംവേണ്ടി ഗവൺമെന്റിന് എന്തെങ്കിലും പ്രത്യേക പദ്ധതി ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം ജില്ലകളാണ് ഈ പ്രത്യേകത പദ്ധതിയുടെ പരിധിയിൽ വരുന്നത് ;

(ഡി) ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly